"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രദീപ്കുമാർ പി.എ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1945/2019നമ്പർ കേസിലെ 30.10.2019തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2595/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2021

പരാമർശം:-

1. തിരുവനന്തപുരം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രദീപ്കുമാർ പി.എ, സമർപ്പിച്ച 23.09.2019തീയതിയിലെ നിവേദനം (അനക്ഷർ എ8)
2. ശ്രീ. പ്രദീപ്കുമാർ പി.എ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1945/2019നമ്പർ കേസിലെ 30.10.2019തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 17.12.2019 തീയതിയിലെ ഇ6-20742/19 നമ്പർ കത്ത്.
4. 02.11.2021 തീയതിയിലെ സ.ഉ(സാധാ)നം. 2179/2021/തസ്വഭവ

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രദീപ്കുമാർ പി.എ,, 11.10.2008 മുതൽ 31.07.2009 വരെയും(294 ദിവസം) 22.04.2016മുതൽ 20.06.2017വരെയും (425 ദിവസം)അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന കാലയളവിലേക്ക് മെഡിക്കൽ ഗ്രൗണ്ടിലല്ലാത്ത ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ നഗരകാര്യഡയറക്ടർ ലഭ്യമാക്കിയിരുന്നു. കൂടാതെ തനിക്ക് റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന ആവശ്യവുമായി പരാമർശം 1 പ്രകാരം ശ്രീ. പ്രദീപ്കുമാർ പി.എ,, സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1945/2019നമ്പർ കേസിലെ 30.10.2019തീയതിയിലെ ഉത്തരവ് പ്രകാരം ടി വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമായി രണ്ട് മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട് ടിയാന്റെ 23.9.2019-ലെ നിവേദനത്തിന്മേൽ (അനക്ഷർ - എ8) തീരുമാനമെടുക്കണമെന്ന് രണ്ടാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2. OA.No.1945/2019-നു മേൽ ബഹു.ട്രിബ്യൂണലിന്റെ 30.10.2019-ലെ ഉത്തരവ് പ്രകാരം, ശ്രീ. പ്രദീപ് കുമാർ പി.എ-നെ 18.12.2019 ന് രാവിലെ 11.30 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി നേരിൽ കേട്ടിരുന്നു.

3. ശ്രീ. പ്രദീപ് കുമാർ പി.എ, സമർപ്പിച്ച നിവേദനം പ്രകാരം കേരള മുനിസിപ്പൽ കോമൺസർവ്വീസ് സൂപ്രണ്ടുമാരുടെ 1.12.2017 പ്രകാരമുള്ള പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റിൽ 102-ാം സ്ഥാനക്കാരനാണെന്നും ടിയാന് അർഹതപ്പെട്ട പ്രൊമോഷൻ നിഷേധിച്ചുകൊണ്ടാണ് നഗരകാര്യഡയറക്ടറുടെ 30.8.2019-ലെ ഇ6-1160/2018(3) ഉത്തരവ് നടപടികൾ പ്രകാരം ടിയാന്റെ ജൂനിയർ ആയ 7 പേരെ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവായിട്ടുള്ളത് എന്നും അപ്രകാരം ഗ്രഡേഷൻ ലിസ്റ്റിൽ 102-ാം സ്ഥാനക്കാരനായ ' ടിയാനെ പരിഗണിക്കാതെ 111-ാം സ്ഥാനക്കാരനായ ശ്രീ.പി.അനിൽകുമാർ വരെ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയെന്നും ടിയാന്റെയും ടിയാന്റെ ഭാര്യയുടേയും മകന്റെയും രോഗകാരണങ്ങളാലാണ് ടിയാൻ ഓഫീസിൽ ഹാജരാകാതിരുന്നതെന്നും ആയതിനാൽ നഗരകാര്യഡയറക്ടറുടെ ഉത്തരവ് പുന:പരിശോധിച്ച് ടിയാന് റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ടിയാന്റെയും കുടുംബാംഗങ്ങളുടേയും രോഗാവസ്ഥ കണക്കിലെടുത്ത് മാനുഷിക പരിഗണനനൽകി ടിയാന് തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

4. നേരിൽ കേട്ട സമയത്തെ ശ്രീ. പ്രദീപ് കുമാർ പി.എ -യുടെ വാദങ്ങൾ പ്രകാരം തനിക്ക് ആക്സിഡന്റ് സംഭവിച്ചതിനാലും തന്റെ ഭാര്യയുടേയും മകന്റെയും രോഗകാരണങ്ങളാലുമാണ് ടിയാൻ ഓഫീസിൽ ഹാജരാകാതിരുന്നതെന്നും തിരൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ച വരവെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 11.10.2008 മുതൽ 31.07.2009 വരെയുള്ള കാലയളവിലേയ്ക്ക് (294 ദിവസം) ടിയാൻ തിരൂർ നഗരസഭയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നും കോഴിക്കോട് നഗരസഭയിൽ സേവനമനുഷ്ഠിച്ചുവരവെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 22.04.2016മുതൽ 20.06.2017വരെയും (425 ദിവസം) കാലയളവിലേക്ക് കോഴിക്കോട് നഗരസഭയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു.

5. ഈ വിഷയത്തിൽ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, തിരുവനന്തപുരം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രദീപ്കുമാർ പി.എ, -യുടെ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനായി കോർപ്പറേഷൻ സെക്രട്ടറി 17.6.2019-ലെ കത്തുപ്രകാരം ലഭ്യമാക്കിയ അപേക്ഷയിൽ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ 22.04.2016മുതൽ 20.06.2017വരെയും (425 ദിവസം) അനധികൃത ഹാജരില്ലായ്മ രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത കാലയളവ് ക്രമീകരിക്കുന്നതിലേയ്ക്കായി ടിയാൻ 28.6.2019-ൽ മാത്രമാണ് അവധി അപേക്ഷ ലഭ്യമാക്കിയത് എന്നും അറിയിക്കുകയുണ്ടായി. കൂടാതെ ശ്രീ. പ്രദീപ്കുമാർ പി.എ, 22.04.2016 മുതൽ 30.7.2016 വരെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതുമായി ബന്ധപ്പെട്ട് ടിയാനെതിരെ നഗരകാര്യഡയറക്ടർ അച്ചടക്കനടപടികൾ സ്വീകരിക്കുകയും 5.12.2018-ലെ വി2-28686/2016-നം ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷികവേതനവർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ. പ്രദീപ്കുമാർ പി.എ -ക്ക് ടിയാന്റെ പ്രൊബേഷൻ കാലയളവിലെ അനധികൃതഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ച് പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടിയാന്

ഉദ്യോഗക്കയറ്റം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. പി.എ. പ്രദീപ് കുമാറിന്റെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന കാലയളവ് ക്രമീകരിക്കുന്നതിനായി നഗരകാര്യഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും, തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. പി.എ. പ്രദീപ് കുമാറിന്റെ 11.10.2008 മുതൽ 31.07.2009 വരെയും (294 ദിവസം) 22.04.2016 മുതൽ 20.06.2017 വരെയും (425 ദിവസം) ഉള്ള കാലയളവിലെ അനധികൃത ഹാജരില്ലായ്മ കാലയളവ്, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി, എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു.

7. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രദീപ്കുമാർ പി.എ-യുടെ അനധികൃതഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ചിട്ടുള്ളതിനാൽ ടിയാൻ സമർപ്പിച്ച അനക്ഷർ-എ8 നിവേദനത്തിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടിയാന്റെ അനക്ഷർ എ8 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽപ്രകാരം ശ്രീ. പ്രദീപ്കുമാർ പി.എ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1945/2019നമ്പർ കേസിലെ 30.10.2019 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jaisy Paul
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ. പ്രദീപ്കുമാർ പി.എ, സൂപ്രണ്ട് , തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ